## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2958** **20.02.2016 ൽ മറുപടി നൽകേണ്ടിയിരുന്നത്**

## ജൈവ കാർഷിക മണ്ഡലം പദ്ധതി

| ചോദ്യം<br>ശ്രീ.കെ.എം. ഷാജി | മറുപടി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) അസംബ്ലി നിയോജക മണ്ഡല അടിസ്ഥാനത്തിൽ ജൈവ കാർഷിക മണ്ഡലം പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) പഞ്ചായത്ത് തലത്തിൽ സമിതി രൂപീകരിച്ചു. സമിതിയിൽ ഓരോ വാർഡിനേയും പ്രതിനിധീകരിച്ച് ഓരോ പ്രതിനിധികൾ (കുടുംബശ്രീ, റസിഡൻസ് അസോസിയേഷൻ, ക്ലബ്ബ് പ്രതിനിധികൾ) ഉണ്ടായിരിക്കും. കർഷകനാണ് ക്ലസ്റ്ററിന്റെ കൺവീനർ. ജൈവവളം കർഷകർ സ്വമേധയാ ഉണ്ടാക്കുന്നതിനുള്ള പരിശീലനം നൽകി. ജൈവകർഷകനും, ക്ലസ്റ്ററിലെ അംഗങ്ങൾക്കും പഞ്ചായത്ത് തലത്തിൽ ഐഡന്റിറ്റി കാർഡ് കൊടുക്കും. നാട്ടറിവുകൾ ശേഖരിച്ച് ജൈവരീതിയിൽ ഡോക്യുമെന്റേഷൻ നടത്തി പ്രോജക്ടിന്റെ ഭാഗമാക്കും. ജൈവ ഉല്പന്നങ്ങൾ മാത്രം വിൽക്കുന്ന മാർക്കറ്റ് രൂപീകരിക്കും.<br>ജൈവകാർഷിക പദ്ധതിയിൽ കർഷക ഗ്രൂപ്പുകൾക്ക് പരിശീലനം നൽകുന്നു. ഏതാനും നിയോജക മണ്ഡലത്തിൽ ജൈവ ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിലേയ്ക്കായി ഇക്കോ ഷോപ്പുകളും എഫ്.ഐ.ഒ യുടെ നേതൃത്വത്തിൽ ഔട്ട് ലറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. കൃഷിക്കാർക്ക് മികച്ച ജൈവവളം, ജൈവ കീടനാശിനികൾ എന്നിവ ലഭ്യമാക്കുന്നതിനായി വിവിധ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ജൈവകാർഷിക മണ്ഡലം പദ്ധതിയിൽ 9 മികച്ച ജൈവകാർഷിക മണ്ഡലങ്ങൾക്ക് അവാർഡുകളും പ്രോത്സാഹന സമ്മാനവും നൽകിയിട്ടുണ്ട്. കൂടാതെ 6 മുനിസിപ്പാലിറ്റി, 2 കോർപ്പറേഷൻ, വിവിധ ഗ്രാമപഞ്ചായത്തുകൾക്കും അവാർഡ് നൽകിയിട്ടുണ്ട്. |

| | |
|---|---|
| ബി) ഏതെല്ലാം നിയോജക മണ്ഡലങ്ങളിലാണ് മണ്ഡലതല യോഗങ്ങൾ നാളിതുവരെ വിളിച്ചു ചേർക്കപ്പെടാത്തതെന്ന് അറിയിക്കുമോ; | ബി) എല്ലാ നിയോജക മണ്ഡലങ്ങളിലും മണ്ഡല തല യോഗങ്ങൾ വിളിച്ചു ചേർത്തിട്ടുണ്ട്. |
| സി) ഇത്തരം യോഗങ്ങൾ വിളിച്ചു കൂട്ടി മണ്ഡലം സമിതികൾ രൂപീകരിക്കുവാൻ ചുമതലപ്പെടുത്തിയ അസിസ്റ്റന്റ് ഡയറക്ടർമാർ അപ്രകാരം ചെയ്തിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ എല്ലാ നിയോജക മണ്ഡലങ്ങളിലും സമിതികൾ എത്രയും വേഗം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) ഉണ്ട്. |

Mayap

**സെക്ഷൻ ഓഫീസർ**